## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :T 2883** **20-03-2015-ൽ മറുപടിക്ക്**

**നെല്ല് സംഭരണത്തിലെ കാര്യക്ഷമത**

**ചോദ്യം** **ഉത്തരം**

**ശ്രീ.വി.ചെന്താമരാക്ഷൻ**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നെല്ല് സംഭരണം കാര്യക്ഷമമല്ല എന്ന കർഷക സംഘടനകളുടെ ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ നെല്ല് സംഭരണം വളരെ കാര്യക്ഷമമായി നടന്നു വരുന്നു. 2014-15 ഒന്നും രണ്ടും സീസണുകളിലായി നാളിതുവരെ 180564 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വർഷം ഏകദേശം 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിടുന്നത്. 15.03.2015 വരെ സപ്ലൈകോ 2.40 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ 90% വും സംഭരിക്കുന്നത് സപ്ലൈകോയാണ്. നെല്ല് സംഭരണം മുതൽ കർഷകർക്ക് തുക നൽകുന്നത് വരെയുള്ള എല്ലാ കാര്യങ്ങളും കമ്പ്യൂട്ടർവൽകൃതമാണ്. |
| (ബി) | നെൽകർഷകന് ഇപ്പോൾ ലഭിക്കുന്ന സംഭരണ വില എത്രയെന്നും ഉൽപ്പാദനച്ചെലവിന്റെ വർദ്ധനയ്ക്ക് അനുസരിച്ച് നെല്ലിന്റെ സംഭരണവില 25 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) | കിലോ ഗ്രാമിന് 19 രൂപയാണ് ഇപ്പോഴത്തെ സംഭരണ വില. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും 5.40 രൂപ സംസ്ഥാന വിഹിതവുമാണ്. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമാക്കാനും സംഭരണവില യഥാസമയം കർഷകന് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ? | (സി) | സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിന് ആവശ്യമായ മില്ലുകൾ |

| | | | |
|---|---|---|---|
| | | | സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായിതന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഏകോപനത്തിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾ തന്നെ ഇലക്ട്രോണിക് പാഡി റസീറ്റ് ഷീറ്റ് (e – PRS) നൽകുന്ന സമ്പ്രദായം ആവിഷ്ക്കരിച്ചു.<br><br>നെല്ല് സംഭരിച്ച ശേഷം കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി സപ്ലൈകോ കാനറബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില PRS loan പദ്ധതി പ്രകാരം സപ്ലൈകോയുടെ നിർദ്ദേശമനുസരിച്ച് കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. |

Beena

**സെക്ഷൻ ഓഫീസർ**